"ഭരണഭാഷ-മാതൃഭാഷ"

# ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം : ജില്ലാ നഗരാസൂത്രണ കാര്യാലയം, കോട്ടയം - വൈക്കം നഗരസഭ ഫ്യൂവൽ ഫില്ലിംഗ് സ്റ്റേഷൻ (ഗ്രൂപ്പ്-1-Hazardous) കെട്ടിടനിർമ്മാണം - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : 1. വൈക്കം നഗരസഭാ സെക്രട്ടറിയുടെ 26.03.2021-ലെ-ലെ ഇ 1-7633/ 2020/259/20-21 നമ്പർ കത്ത്.
2. ശ്രീ.ജോസഫ് കുര്യൻ, ശ്രീ.കുഞ്ഞുമോൻ ജോസഫ് എന്നിവരുടെ 03.09.2021-ലെ ന്യൂനതകൾ തിരുത്തി സമർപ്പിച്ച അപേക്ഷ.

---

**ഉത്തരവ് നമ്പർ TCPKTM/434/2021-C** **തീയതി : 17/09/2021**

---

കോട്ടയം ജില്ലയിലെ വൈക്കം നഗരസഭ പരിധിയിലുള്ള നടുവിലെ വില്ലേജിൽ , റീസർവ്വെ നമ്പർ 83/8 എ-2, 83/8 എ-4, 83/8 എ 1-3, 83/11-എന്നിവയിൽ പെട്ട 2730 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്തിലെ പരിവർത്തനം ലഭിച്ച 774 ച.മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് സെയിൽസ് ബിൽഡിംഗ്-28.66 ച.മീറ്റർ, ടോയ്ലറ്റ് ബ്ലോക്ക്- 13.12 ച.മീറ്റർ, കനോപ്പി-150 ച.മീറ്റർ, Accessory shed-6 ച.മീറ്റർ ഉൾപ്പെടെ ആകെ 191.78 ച.മീ വിസ്തീർണ്ണമുള്ള ഫ്യൂവൽ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് കെ.എം.ബി.ആർ-2019 ചട്ടങ്ങൾക്കും, താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും , ലഭ്യമാക്കേണ്ട എൻ.ഒ.സി, അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച ഉറപ്പു വരുത്തിയ ശേഷം മാത്രമേ കെട്ടിടനിർമ്മാണ അനുമതി /ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളൂ.

**നിബന്ധനകൾ**

1. കെ.എം.ബി.ആർ-2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ , വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും , സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തേണ്ടതാണ്.
2. സമർപ്പിച്ച പ്ലാനുകളിലും, അപ്പെൻഡിക്സ് എ 4 പ്രകാരമുള്ള അപേക്ഷാ ഫോമിലും ജോസഫ് കുര്യൻ ഒപ്പ് വച്ചിരിക്കുന്നു. വസ്തുവുമായി ബന്ധപ്പെട്ട് ഇടപാടുകൾക്ക് എം.കെ.ജോസഫ് എന്നയാൾക്ക് അധികാരം നൽകി കുഞ്ഞുമോൻ ജോസഫ് നൽകിയിട്ടുള്ള മുക്ത്യാർ പകർപ്പും സമർപ്പിച്ചിരിക്കുന്നു . ജോസഫ് കുര്യൻ എന്നയാൾ തന്നെയാണോ എം.കെ.ജോസഫ് എന്നതിലും ടി മുക്ത്യാറിന്റെ ആധികാരികതയിലും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
3. കെ.എം.ബി.ആർ-2019, ചട്ടം 5(4), സീരിയൽ നം. 6 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ജില്ലാ കളക്ടറുടെ അനുമതി, മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർഫോഴ്സ് തുടങ്ങി ആവശ്യമായ വകുപ്പുകളിൽ നിന്നുള്ള എല്ലാ എൻ.ഒ.സികളും ലഭ്യമാണെന്ന കാര്യം സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
5. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി

ഉറപ്പാക്കണം.

6. നിർദ്ദിഷ്ട വസ്തുവിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തണം.
7. പരിസരമലിനീകരണം ഉണ്ടാകുന്നില്ലെന്ന് പരിശോധിച്ച് സെക്രട്ടറി ഉറപ്പു വരുത്തണം.
8. ഫ്യൂവൽ ടാങ്ക്, വെൻറ്റ് പൈപ്പ് മുതലായവ കെ.എം.ബി.ആർ–2019, ചട്ടം 47(1) പ്രകാരം നിഷ്കർഷിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
9. ചട്ടം 79(6) പ്രകാരം മലിനജലം പുനരുപയോഗിക്കുന്നതിന് ആവശ്യമായ സംവിധാനം ഉറപ്പു വരുത്തണം.
10. കട്ടിംഗ് & ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി നേടിയിരിക്കണം.
11. നിർദ്ദിഷ്ട സ്ഥലത്ത് വികസന /നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബാധകമെങ്കിൽ 2008–ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും, അനുബന്ധ സർക്കുലറുകൾക്കും, അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
12. പ്രസ്തുത പമ്പിന്റെ പ്രവർത്തനത്തിന് നീക്കി വച്ചിരിക്കുന്ന സ്ഥലം മാത്രമേ ടി പ്രവർത്തനത്തിന് ഉപയോഗിക്കാൻ പാടുള്ളൂ.
13. കെ.എം.ബി.ആർ–2019–നും, അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

മേൽ അംഗീകാരം, കെട്ടിടനിർമ്മാണം/ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി . അല്ല. കെ.എം.ബി.ആർ–2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ. 34/2021/KTM)

**SUJA MATHAI, TP TPKTYM, O/O TP TPKTYM**

സെക്രട്ടറി
വൈക്കം നഗരസഭ (പ്ലാൻ 1 സെറ്റ് സഹിതം)

പകർപ്പ് :

1. ശ്രീ. ജോസഫ് കര്യൻ, ശ്രീ.കുഞ്ഞുമോൻ ജോസഫ്, മഴവഞ്ചേരിയിൽ ഹൗസ്, ഇലഞ്ഞി, എറണാകുളം
2. അധികം –1

S16092021